കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഫാദർ പൗലോസ് കുന്നുമ്മേൽ സർക്കാരിന് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ (സാധാ)നം: 2149/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 4/8/2012**

---

പരാമർശം:-1. ഇടുക്കി ജില്ലാകളക്ടറുടെ 22/10/11-ലെ ഇ1-347/09 നടപടി ക്രമം.

2. റവ.ഫാദർ പൗലോസ് കുന്നുമ്മേൽ 11/11/11-ന് സർക്കാരിന് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.

3. ഇടുക്കി ജില്ലാ കളക്ടറുടെ 21/12/2011-ലെ ഇ1-49648/2011 നമ്പർ കത്ത്.

4. 13/3/2012-ലെ 63741/ഡിബി3/11/തസ്വഭവ നമ്പർ കത്ത്.

5. ഇടുക്കി ജില്ലാകളക്ടറുടെ 15/6/12-ലെ ഇ1-49648/11 നമ്പർ കത്ത്.

## ഉത്തരവ്

തൊടുപുഴ താലൂക്കിൽ നെയ്യശ്ശേരി വില്ലേജിൽ സർവ്വേ 506/5-ൽ പ്പെട്ട 4-25 ആർ വസ്തുവിൽ ശ്മശാനം നിർമ്മിക്കുന്നതിനായി ശ്രീ. ജോസ് മാത്യു സമർപ്പിച്ച അപേക്ഷ ഇടുക്കി ജില്ലാകളക്ടർ പരാമർശം (1) പ്രകാരം നിരസിച്ചതിനെ തുടർന്ന് ഫാദർ പൗലോസ് കുന്നുമ്മേൽ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ പെറ്റീഷൻ സമർപ്പിച്ചിരുന്നു.

2. ശ്മശാനത്തിന് അനുമതി നൽകുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ സമീപ പ്രദേശത്തായി സാധാരണക്കാരായ ആളുകൾ താമസിക്കുന്നതായി കാണുകയും ആക്ഷേപമുള്ള കക്ഷികളെ നേരിൽ കേൾക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലും ഫാ: പൗലോസ് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 9207/11 കേസിന്റെ വിധിന്യായത്തിൽ മൂന്നുമാസത്തിനകം ഫാദർ പൗലോസിന്റെ അപേക്ഷയിൽ തീരുമാനം കൈക്കൊള്ളണമെന്ന് കോടതി അഭിപ്രായപ്പെട്ടതിന്റെയും അടിസ്ഥാനത്തിലുമാണ് ശ്മശാന നിർമ്മാണത്തിനായുള്ള അപേക്ഷ നിരസിച്ച് ജില്ലാകളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അപേക്ഷയിൽ തീരുമാനം വൈകുന്നു എന്ന് കാണിച്ച് ടിയാൻ CC 1150/11 നമ്പരായി കോടതിയലക്ഷ്യം ഫയൽ ചെയ്യുകയും ടി കേസിൽ എല്ലാ നടപടി ക്രമങ്ങളും കോടതി അവസാനിപ്പിച്ചതായി ഗവൺമെന്റ് പ്ലീഡർ അറിയിച്ചിട്ടുള്ളതായും പരാമർശം (3) പ്രകാരം ഇടുക്കി ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. തുടർന്ന് മേൽപ്പറഞ്ഞ വസ്തുവിൽ ശ്മശാനം അനുവദിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ, അടുത്ത ആളിന്റെ വീടുമായുള്ള ദൂരം, കിണറുമായുള്ള ദൂരം മുതലായവയും വീട്/കിണർ പണികഴിപ്പിച്ചത് സെമിത്തേരിയ്ക്ക് അപേക്ഷ സമർപ്പിച്ചതിനുശേഷമാണോ തുടങ്ങിയ വിവരങ്ങൾ അറിയിക്കുവാൻ ജില്ലാകളക്ടറോടും പള്ളി തിരിച്ച് അംഗങ്ങളുടെ പേര്, പൂർണ്ണ വിലാസം എന്നിവ അറിയിക്കുവാൻ പരാതിക്കാരനോടും പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

4. തൊമ്മൻകുത്ത്, ഉടുമ്പന്നൂർ, തട്ടക്കുഴ, അമയപ്ര എന്നീ നാലു പള്ളികളിലായി ആകെ 273 അംഗങ്ങൾ ഉണ്ടെന്ന് ഫാദർ പൗലോസ് അറിയിച്ചിട്ടുണ്ട്. തൊടുപുഴ താലൂക്കിൽ നെയ്യശ്ശേരി വില്ലേജിൽ സർവ്വേ നമ്പർ 506/5-ൽ പ്പെട്ട 4.25 ആർ വസ്തുവിൽ ശ്മശാനം നിർമ്മിക്കുവാനുദ്ദേശിക്കുന്ന സ്ഥലത്ത് നിന്നും 35 മീറ്റർ മാറി പാറപ്പുറത്ത് ഔസേപ്പ് എന്നയാളുടെ വീട് സ്ഥിതി ചെയ്യുന്നുണ്ടെന്നും ടി വീടും ഇതിനോട് ചേർന്നുള്ള കിണറും ശ്മശാന നിർമ്മാണത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് വളരെ മുമ്പേ തന്നെ പണികഴിപ്പിച്ചിട്ടുള്ളതാണെന്നും ജില്ലാകളക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. പരാതിക്കാരനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെയും 16/7/2012-ൽ നേരിൽ കേൾക്കുകയുണ്ടായി. നിർദ്ദിഷ്ട സെമിത്തേരിയുടെ 50 മീറ്ററിനകത്ത് ആൾ താമസമോ, കിണറോ ഇല്ലെന്നും സെമിത്തേരിയ്ക്ക് ലൈസൻസ് അനുവദിക്കപ്പെട്ടാൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയില്ലെന്നും പരാതിക്കാരൻ ബോധിപ്പിച്ചു.

6. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് , ജില്ലാകളക്ടർ എന്നിവർ സ്ഥലം സന്ദർശിച്ചിട്ടുള്ളതും സ്ഥലവാസികളുമായി ചർച്ച നടത്തിയിട്ടുള്ളതുമാണെന്നും ചർച്ച നടത്തിയപ്പോൾ തന്നെ സ്ഥലവാസികൾ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളതാണെന്നും നിർദ്ദിഷ്ട സെമിത്തേരിയുടെ 50 മീറ്ററിനുള്ളിൽ ആൾ താമസമുണ്ടെന്നും കളക്ടറേറ്റിലെ ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു.

7. ഹിയറിംഗ് സമയത്ത് കളക്ടറേറ്റിലെ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലും ബന്ധപ്പെട്ടവരെ നേരിൽ കേട്ടതിലും താഴെപ്പറയുന്നവ ബോധ്യമാകുന്നു.

1. നടപടിക്രമങ്ങളെല്ലാം പാലിച്ചതിനുശേഷമാണ് ശ്മശാന നിർമ്മാണത്തിനുള്ള അനുമതി ജില്ലാകളക്ടർ നിരസിച്ചിട്ടുള്ളത്.

2. ശ്മശാന നിർമ്മാണത്തിന് അനുമതി നൽകിയാൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതകൾ നിലനിൽക്കുന്നു.

8. മേൽ സാഹചര്യത്തിൽ ഇടുക്കി ജില്ലാകളക്ടറുടെ തീരുമാനം നിലനിർത്തിക്കൊണ്ട് ഫാദർ. പൗലോസ് കുന്നുമ്മേൽ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

**ജെ.സ്റ്റാൻലി**

**ഗവ.അണ്ടർ സെക്രട്ടറി**

1. ജില്ലാകളക്ടർ, ഇടുക്കി
2. റവ.ഫാദർ.പൗലോസ് കുന്നുമ്മേൽ,
   ഡയറക്ടർ, മലങ്കര ക്രിസ്ത്യൻ പ്രെയർ ഫെലോഷിപ്പ്,
   പി.ബി. നം.1 മാർക്കറ്റ് പി.ഒ, മൂവാറ്റുപുഴ -686 661
3. സെക്രട്ടറി, കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കി
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
   (തദ്ദേശസ്വയം ഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**